**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6414** **20-03-2023 - ൽ മറുപടിയ്ക്ക്**

**പ്രോജക്റ്റ് ഗ്രീൻ ഗ്രാസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പ്രോജക്റ്റ് ഗ്രീൻ ഗ്രാസിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ വനമേഖലയിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് വനങ്ങളുടെ സ്വാഭാവിക അവസ്ഥ നിലനിർത്തി പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിക്കുന്നതിനായി 'പ്രോജക്റ്റ് ഗ്രീൻ ഗ്രാസ്സ്" എന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. വനമേഖലകളിലും, പരിസര പ്രദേശങ്ങളിലും, ഇക്കോ ടൂറിസംകേന്ദ്രങ്ങളിലും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതിനായി വനസംരക്ഷണ സമിതി അംഗങ്ങൾ, ദിവസ വേതന വാച്ചർമാർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ വിവിധ എൻ .ജി.ഒ.-കൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, വിവിധ ഏജൻസികൾ, മറ്റു സർക്കാർ വകുപ്പുകൾ, ശുചിത്വ മിഷൻ എന്നിവരുടെ പങ്കാളിത്തത്തോടെ ഉറവിടങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ടി പ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കരുതെന്നുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും, ക്യാമറ, സി.സി.ടി.വി. ക്യാമറകൾ എന്നിവ സ്ഥാപിച്ച് നിരീക്ഷണം നടത്തി വരുന്നുണ്ട്. വനത്തിന് സമീപത്തുകൂടി കടന്നു പോകുന്ന പാതയോരങ്ങളിലും വനമേഖലയിലും രാത്രിയിൽമാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ പട്രോളിംഗ് ശക്തമായി നടത്തി വരുന്നുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ ശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി വേയ്സ്റ്റ് ബിൻ, പിറ്റുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ, ക്യാമ്പുകൾ എന്നിവ നടത്തി വരുന്നുണ്ട്. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ രാജമലയിൽ ഒരു വേസ്റ്റ് |

| | | | |
|---|---|---|---|
| | | | മാനേജ്മെൻറ് യൂണിറ്റ് മാലിന്യ നിർമ്മാർജ്ജനത്തിനായി നിർമ്മിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ ലഭിച്ച തുകയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേരളത്തിലെ വനമേഖലകളിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ജി.ഒ (ആർ.റ്റി) നമ്പർ 406/2018/വനം തീയതി 13.09.2018 പ്രകാരം വനം-വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറിയും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ടൂറിസം വകുപ്പ് സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. സംസ്ഥാനത്താകെയുള്ള വനമേഖലയിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുക, ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയാണ് പ്രസ്തുത കമ്മറ്റിയുടെ ചുമതല. |
| (സി) | പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ മാലിന്യ നിക്ഷേപം നടത്തുന്നവർക്കെതിരെ കർശന ശിക്ഷ നടപടികൾ സ്വീകരിക്കുന്നതിനായി കേരള ഫോറസ്റ്റ് ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ മാലിന്യ നിക്ഷേപം നടത്തുന്നവർക്കെതിരെ 1961-ലെ കേരള ഫോറസ്റ്റ് ആക്ടിലെ സെക്ഷൻ 27 (1) (ഇ) 4 പ്രകാരവും 1972-ലെ വൈൽഡ്ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് പ്രകാരവുമാണ് നിലവിൽ നടപടി സ്വീകരിക്കുന്നത്. വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന ശിക്ഷ നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ള കേരള ഫോറസ്റ്റ് ആക്ടിന്റെ ഭേദഗതിയുടെ കരട് **സർക്കാർ പരിശോധിച്ചുവരുന്നു** |

സെക്ഷൻ ഓഫീസർ

അനുബന്ധം

തുക ലക്ഷത്തിൽ

| വർഷം | ബജറ്റ് വിഹിതം | പദ്ധതി നടത്തിപ്പിനായി അനുവദിച്ച തുക | പദ്ധതി നടത്തിപ്പിനായി വിനിയോഗിച്ച തുക |
|---|---|---|---|
| 2019-20 | 20.01 | 20.01 | -- |
| 2020-21 | 8.00 | 8.00 | 7.99 |
| 2021-22 | 108.00 | 108.00 | 107.76 |
| 2022-23 | 108.00 | 66.96 | 64.304 |